**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യവകുപ്പ് - ടെൻഡർ നടപടികൾ പരിഷ്കരിക്കുന്നത് - പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എസ്റ്റിമേറ്റ് തുക പരിധിയില്ലാതെ ഇ-ടെൻഡറിന്റെ പരിധിയിൽ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ഇൻഡസ്ട്രീസ്&പി.ഡബ്ല്യു-ബി) വകുപ്പ്**

**സ.ഉ.(അച്ചടി)നം.66/2022/ധന.** **തീയതി, തിരുവനന്തപുരം, 17.06.2022**

---

പരാമർശം:-1. സ.ഉ.(പി) നം.524/2015/ധന തീയതി 17.11.2015

2. പൊതുമരാമത്ത് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 29/01/2022 തീയതിയിലെ CE PWD/ADMN/PLA/H 3/220/5167/2021 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലെ 5 ലക്ഷം രൂപ മുതലുള്ള എല്ലാ പ്രവൃത്തികളും ഇ-ടെൻഡർ മുഖേന ആയിരിക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം പൊതുമരാമത്ത് (റോഡ്സ്) കണ്ണൂർ ഡിവിഷനിലും സബ് ഡിവിഷനുകളിലും നടത്തിയ പരിശോധനയെ തുടർന്ന് സമർപ്പിച്ച റിപ്പോർട്ടിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ എസ്റ്റിമേറ്റ് തുക പരിധിയില്ലാതെ ഇ-ടെൻഡർ രീതിയിലേക്ക് കൊണ്ടുവരുന്നത് പ്രവൃത്തികൾ വിഭജിച്ചു നടപ്പിലാക്കാനുള്ള പ്രവണത ഇല്ലാതാക്കുമെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശം ചീഫ് എഞ്ചിനിയേഴ്സ് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എസ്റ്റിമേറ്റ് തുക പരിധിയില്ലാതെ ഇ-ടെൻഡർ രീതിയിലേക്ക് കൊണ്ടുവരാവുന്നതാണെന്ന് പരാമർശം 2 പ്രകാരം പൊതുമരാമത്ത് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എല്ലാ മരാമത്ത് പ്രവൃത്തികളുടെയും ടെൻഡർ എസ്റ്റിമേറ്റ് തുക പരിധിയില്ലാതെ ഇ-ടെൻഡറിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം 1 ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**രാജേഷ് കുമാർ സിംഗ് ഐ .എ.എസ്**

അഡീഷണൽ ചീഫ്സെക്രട്ടറി (ധനകാര്യം)

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1), കേരളം, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-2), കേരളം, തിരുവനന്തപുരം
4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
6. എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും
7. എല്ലാ വകുപ്പ് മേധാവികൾക്കും
8. എല്ലാ ജില്ലാ കളക്ടർമാർക്കും
9. ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
10. രജിസ്ട്രാർ, എല്ലാ യൂണിവേഴ്സിറ്റികളും
11. നോഡൽ ഓഫീസർ, www.finance.kerala.gov.in
12. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-2051288)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ